(ഇ) ഗ്രാമപഞ്ചായത്തുകളിൽ കാഷ്യർ/അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാൻ സർക്കാർ തയ്യാറാകുമോ;

(എഫ്) പഞ്ചായത്തുകളിലെ സെക്രട്ടറി തസ്തിക ഗസറ്റഡ് അല്ലാത്തതിനാൽ ബിൽ സമ്പ്രദായം കൈകാര്യം ചെയ്യാൻ സർക്കാർ എന്തു സംവിധാനമാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) പഞ്ചായത്തുകളിലെ ജീവനക്കാർക്ക് സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1-4-2004 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കുവാൻ 26-5-2004-ലെ ജി.ഒ.(പി) നം. 244/2004/ഫിൻ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചില തയ്യാറെടുപ്പുകൾ പൂർത്തിയാകാത്തതിനാൽ ഈ ഉത്തരവ് നടപ്പിലാക്കുന്നത് 30-9-2004 വരെ നിർത്തിവച്ചിട്ടുണ്ട്. 1-10-2004 മുതൽ ബിൽ സമ്പ്രദായം നടപ്പിൽ വരുന്നതാണ്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇല്ല.

(സി) പരിശീലനം നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) ഗ്രാമപഞ്ചായത്തുകളിൽ ഉടൻതന്നെ കമ്പ്യൂട്ടറൈസേഷൻ മുഖേന കണക്കുകൾ എഴുതുവാൻ സാധിക്കും എന്നുള്ളതുകൊണ്ട് കാഷ്യർ/അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമില്ല.

(എഫ്) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാരെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരാക്കി ഉത്തരവായിട്ടുണ്ട്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

98 [2587] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ നിയമിക്കുന്നതിന് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഈ ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുമുൻപ് താൽക്കാലിക പ്രൊമോഷൻവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചവരെ തരംതാഴ്ത്തിയിട്ടാണോ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡമോ റേഷ്യോയോ നിലവിലുണ്ടോയെന്നും, പ്രസ്തുത റേഷ്യോ പൂർണ്ണമായി പാലിച്ചുകൊണ്ടാണോ നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ മാനദണ്ഡം അനുസരിച്ചുള്ള നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13-2-2003-ൽ.

(ബി) 193 പേർക്ക് നിയമനം നൽകി.

(സി) അല്ല.

(ഡി) റേഷ്യോ നിലവിലുണ്ട്. പ്രസ്തുത റേഷ്യോ പൂർണ്ണമായി പാലിച്ചു കൊണ്ടാണ് നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുള്ളത്.

(ഇ) ബാധകമല്ല.

കണ്ണൂർ ജില്ലാ ഗ്രാമപഞ്ചായത്തിന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ലഭ്യമാക്കാൻ നടപടി

99 [2588] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ നടപടികളുടെ ഭാഗമായി കണ്ണൂർ ജില്ലാപഞ്ചായത്തിന് പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നായി അനുവദിച്ച സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണവും വകുപ്പും തസ്തികയും തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര തസ്തികകൾ ഇതിനകം അനുവദിച്ചു കിട്ടിയെന്ന് വകുപ്പും തസ്തികയും തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലാ പഞ്ചായത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവുമൂലം പ്രോജക്ടുകളും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുകയും പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അനുവദിച്ച സാങ്കേതിക വിഭാഗം ജീവനക്കാരെ കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly